# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1032** **06.06.2018 ലെ മറുപടി**

### ചെക്ക് ഡാമുകളുടെയും,റെഗുലേറ്റർ -കം -ബ്രിഡ്ജുകളുടെയും നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എൻ.ഷംസുദ്ദീൻ : | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും ചെക്ക്ഡാം നിർമ്മാണത്തിനും, റെഗുലേറ്റർ- കം -ബ്രിഡ്ജ് നിർമ്മാണത്തിനും ഭരണാനുമതി നൽകിയ തുകയുടെ വിശദവിവരം നൽകുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജലസേചന വകുപ്പിന്റെ അധികാര പരിധിയിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 2016-17 കാലയളവിൽ ചെക്ക് ഡാം / വി.സി.ബി എന്നിവ നിർമ്മിക്കുന്നതിനായി 3913.9 ലക്ഷം രൂപയും റഗുലേറ്ററുകൾ നിർമ്മിക്കുന്നതിനായി 3550 ലക്ഷം രൂപയും 2017-18 കാലയളവിൽ ചെക്ക് ഡാം / വി.സി.ബി നിർമ്മിക്കുന്നതിനായി 5255.4 ലക്ഷം രൂപയും റഗുലേറ്ററുകൾ നിർമ്മിക്കുന്നതിനായി 5095 ലക്ഷം രൂപയും ഭരണാനുമതി നല്കിയിട്ടുണ്ട്.<br><br>വാട്ടർ അതോറിറ്റിയുടെ കീഴിൽ 2016-17 കിഫ്ബിയിൽ ഉൾപ്പെടുത്തിയ പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ നഗരസഭയ്ക്കും വാണിയംകുളം പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര കുടിവെള്ള പദ്ധതിയ്ക്കായി 35 കോടി |

രൂപയുടെ ഭരണാനുമതി നല്കിയിരുന്നു.

കൂടാതെ കൊല്ലം നഗരസഭാ പ്രദേശത്തിനായി കല്ലടയാർ സ്രോതസ്സാക്കിയുള്ള പുതിയ ശുദ്ധജല വിതരണ പദ്ധതിയ്ക്കായി അമൃത് പദ്ധതിയിലുൾപ്പെടുത്തി 78.35 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്.

കല്ലുവാതുക്കൽ, പാരിപ്പള്ളി, വെളിനല്ലൂർ വില്ലേജുകൾക്കായി കിഫ്ബിയിൽ ഉൾപ്പെടുത്തി 27 കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്നു.

(ബി) ഇപ്രകാരം ഭരണാനുമതി ലഭിച്ച എത്ര പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്; ഇവയുടെ വിശദാംശം നൽകുമോ?

(ബി) കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെട്ട മൂന്ന് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

1. കാസർ ഗോഡ് വികസന പാക്കേജ് - മൂളിയാർ ഗ്രാമപഞ്ചായത്തിൽ കളിപ്പള്ളം ചെമ്പിലക്കൈ എന്ന സ്ഥലത്ത് പാലത്തോടുകൂടിയ വി.സി.ബിയുടെ നിർമ്മാണം.
2. കാസർഗോഡ് വികസന പാക്കേജ് - ദേലംപാടി ഗ്രാമപഞ്ചായത്തിൽ കോരിക്കണ്ടം വി.സി.ബിയുടെ നിർമ്മാണം
3. കാസർഗോഡ് ജില്ലയിൽ പണാങ്കോട് ചെക്ക് ഡാമിന്റെ നിർമ്മാണം

കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ഷൊർണ്ണൂർ നഗരസഭയ്ക്കും വാണിയം കുളം പഞ്ചായത്തുകൾ ക്കുമായുള്ള സമഗ്ര കുടിവെള്ള പദ്ധതിയിലുൾപ്പെട്ട 15 കോടി രൂപയുള്ള ഭാരതപ്പുഴയിൽ കൊച്ചിൻ പാലത്തിനു താഴെയായി കുടിവെള്ള പദ്ധതിയ്ക്കുള്ള തടയണ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**